# ഇടയലേഖനം

പോൾ ആലപ്പാട്ട്

No. 244/2024 PL-1
25-01-2024

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും**
**രാമനാഥപുരം രൂപതാ മെത്രാൻ**
**തന്റെ സഹപ്രവർത്തകരായ വൈദികർക്കും സന്യസ്തർക്കും**
**തന്റെ സൂക്ഷത്തിന് ഭരമേല്പ്പിക്കപ്പെട്ടിട്ടുള്ള**
**ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്.**

ഈശോമിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരരേ, യുവജനങ്ങളേ, കുട്ടികളേ,

ത്രിതൈ്വക ദൈവത്തിന് സ്തുതി! നാം വീണ്ടുമൊരു താപസകാലഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണ് ഫെബ്രുവരി 11 ന് തുടങ്ങുന്ന വലിയ നോമ്പിലൂടെ. ഒരു ക്രിസ്ത്യാനിയുടെ തനിമ വിലയിരുത്താനും കണ്ടെത്താനും ഓരോ വർഷവും നല്ല ദൈവം കാരുണ്യപൂർവ്വം നല്കുന്ന ഒരവസരമാണ് നോമ്പുകാലം.

ഇത്തരുണത്തിൽ തന്റെ ശ്രോതാക്കളെ അനുതാപത്തിലേയ്ക്ക് ക്ഷണിച്ച വി. സ്നാപകയോഹന്നാന്റെ പ്രബോധനവും ഉപദേശവും ധ്യാനവിഷയമാക്കുന്നത് നല്ലതാണെന്ന് എനിക്ക് തോന്നുന്നു: “വൃക്ഷങ്ങളുടെ വേരിന് കോടാലി വയ്ക്കപ്പെട്ടുകഴിഞ്ഞു. നല്ലഫലം നല്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും”. ജനക്കൂട്ടം അവനോട് ചോദിച്ചു: “ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?” “രണ്ടുടുപ്പുള്ളവൻ ഇല്ലാത്തവനു ഒന്നുകൊടുക്കട്ടെ. ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെത്തന്നെ ചെയ്യട്ടെ”. ചുങ്കക്കാരും ജ്ഞാനസ്നാനം സ്വീകരിയ്ക്കാൻ വന്നു. അവരും അവനോട് ചോദിച്ചു: “ഗുരോ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?” അവൻ പറഞ്ഞു: “നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്. പടയാളികളും അവനോട് ചോദിച്ചു: “ഞങ്ങൾ എന്താണ് ചെയ്യേണ്ടത? അവൻ അവരോട് പറഞ്ഞു: “നിങ്ങൾ ആരേയും ഭിഷണിപ്പെടുത്തരുത്. വ്യാജമായ കുറ്റാരോപണവും അരുത്. വേതനംകൊണ്ട് നിങ്ങൾ തൃപ്തിപ്പെടണം” (ലൂക്കാ. 3:9–14). സ്നാപകന്റെയും ഈശോയുടെയും കാലഘട്ടത്തിൽ

നിലനിന്നിരുന്ന സാമൂഹ്യതിന്മകളും ഉച്ചനീചത്വങ്ങളും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടാണ് അവയിൽ നിന്ന് പിന്തിരഞ്ഞ് സുവിശേഷ മൂല്യങ്ങളായ പങ്കുവയ്ക്കലും നീതിബോധവും സമത്വവും സ്വാതന്ത്ര്യവും ജീവിതത്തിലും സമൂഹത്തിലും ഉറപ്പുവരുത്താൻ സ്നാപകൻ ആവശ്യപ്പെടുന്നത്.

ആണ്ടുതോറുമുള്ള നോമ്പുകാലം ദൈവത്തിലേയ്ക്കും ദൈവീകമൂല്യങ്ങളിലേയ്ക്കും തിരിയാനും ("മെറ്റനോയിയ") തിരിഞ്ഞുനടക്കാനുമുള്ള ദിവ്യക്ഷണമാണ്. ജീവിതത്തെ സമഗ്രമായി പരിശോധിച്ച് ദൈവീകതയിലേയ്ക്കും നാം ആയിരിക്കുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും മുഖ്യധാരയിലേയ്ക്കും സുവിശേഷാധിഷ്ഠിതമായി തിരിച്ചുവരാനുള്ള ക്ഷണം.

നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം "സുവിശേഷവല്ക്കരണം -2035" ന്റെ ആദ്യവർഷത്തെ നോമ്പാചരണമാണ് ഈ നോമ്പുകാലത്ത് നടക്കുന്നത്. രൂപതയെ മുഴുവനും സുവിശേഷമൂല്യങ്ങൾക്കനുസൃതമായി ക്രമപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയിരിക്കുന്ന "സുവിശേഷവല്ക്കരണം-2035"ന്റെ ആദ്യവർഷം. നമ്മുടെ വീടുകളിലും പള്ളികളിലും സന്യാസസമൂഹങ്ങളിലും സ്ഥാപനങ്ങളിലും സുവിശേഷമൂല്യങ്ങളിലധിഷ്ഠിതമായ ശൈലികളും ആഭിമുഖ്യങ്ങളും ആഘോഷങ്ങളും ബന്ധങ്ങളും പങ്കുവയ്ക്കലുകളും യാഥാർത്ഥ്യമാകുമ്പോൾ അവിടെ "സുവിശേഷവല്ക്കരണം-2035"ന്റെ ആദ്യഘട്ടം പൂർത്തിയാകുകയാണ്. അതായത്, എന്ത് പറയുമ്പോഴും ചെയ്യുമ്പോഴും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴും ആഘോഷങ്ങളും മറ്റു പരിപാടികളും സംഘടിപ്പിക്കുമ്പോഴും അവ തിരുവചന സന്ദേശത്തിനും സംസ്ക്കാരത്തിനും എന്തുമാത്രം നിരക്കുന്നതാണെന്ന് സ്വയം ചോദിക്കുന്നതും അതനുസരിച്ച് ക്രമപ്പെടുത്തുന്നതുമാണ് "സുവിശേഷവല്ക്കരണം-2035"ന്റെ ആദ്യഘട്ടവിജയം.

ഈ പ്രക്രിയയിൽ ആദ്യഘട്ടം ഈശോമിശിഹായിലും അവിടുന്ന് വെളിപ്പെടുത്തിയ പിതാവായ ദൈവത്തിലും പരി. ആത്മാവായ ദൈവത്തിലുമുള്ള വിശ്വാസത്തിൽ ശക്തിപ്പെടലാണ്. "ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തുചെയ്യണം?" എന്ന ശ്രോതാക്കളുടെ ചോദ്യത്തിന് ഈശോ കൊടുത്ത മറുപടി വളരെ ശ്രദ്ധേയമാണ്: ഈശോ മറുപടി പറഞ്ഞു: "ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി-അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക" (യോഹ. 6:29). നമ്മുടെ നാഥനും കർത്താവും ദൈവപുത്രനുമായ

ഈശോമിശിഹായിൽ വിശ്വസിക്കുകയെന്നത് നമ്മുടെ ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമാണ്. ഈശോയ്ക്ക് മുഴുവനായും, ഏത് സാഹചര്യങ്ങളിലും (സുഖങ്ങളിലും ദുഃഖങ്ങളിലും വിജയങ്ങളിലും പരാജയങ്ങളിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും) കീഴ്പ്പെടുക, അവനിൽ പൂർണ്ണമായും ബോദ്ധ്യപ്പെട്ടു ജീവിക്കുകയെന്നതാണ് യഥാർത്ഥവിശ്വാസം. എന്നെ സ്നേഹിക്കുന്ന, എന്നോട് കരുണകാണിക്കുന്ന ഈശോ ഏത് സാഹചര്യത്തിലും എന്റെ കൂടെ, എന്റെ കുടുംബത്തിന്റെ കൂടെയുണ്ടാകും എന്ന ചിന്തയും ബോദ്ധ്യവും അതുകൊണ്ടാണ് "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ"ത്തിൽ സഭ ഇപ്രകാരം പഠിപ്പിക്കുന്നത്: "ദൈവത്തോടുള്ള വ്യക്തിപരമായ ഒട്ടിച്ചേരലും അവിടുന്ന് വെളിപ്പെടുത്തിയ സത്യങ്ങളെ അംഗീകരിക്കലുമാണ് വിശ്വാസം (ccc, art.150). ഇപ്രകാരമുള്ള ഏകദൈവവിശ്വാസവും ദൈവീക ബോദ്ധ്യവുമാണ് നമുക്കുവേണ്ടത്.

സഭയുടെ "സിനഡൽ" സ്വഭാവത്തെയും ശൈലിയേയും കുറിച്ച് ആഗോളസഭ വളരെ ഗൗരവത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ കൂടിയാണ് നാം നോമ്പുകാലഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നത്. സഭ മുഴുവനായും ജനാധിപത്യമല്ല, മുഴുവനായും ഏകാധിപത്യവുമല്ല. സഭ ഈശോമിശിഹായാകുന്ന വ്യക്തിയെ കേന്ദ്രീകരിച്ചും ആ വ്യക്തിയോട് കൂടിയുമുള്ള നടത്തവും മുന്നേറ്റവുമാണ്. ആൾക്കൂട്ടത്തിന്റെയും എണ്ണം നോക്കി വിലപേശലിന്റെയും ഇടമല്ല സഭ. അതുകൊണ്ടുതന്നെ, സഭയിൽ എല്ലാവരും ഐക്യകണ്ഠ്യേന ഒറ്റക്കെട്ടായി പറഞ്ഞതിന്റെ പേരിൽ അനുകൂലമായ തീരുമാനമുണ്ടാകണമെന്നില്ല, പ്രത്യേകിച്ചും വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ.


എങ്കിലും, സഭയിൽ അഭിപ്രായവും ആഗ്രഹവും പറയാനും നിരീക്ഷണങ്ങൾ നടത്താനും എല്ലാ വേദികളിലും (കുടുംബം, കുടുംബക്കൂട്ടായ്മ, ഇടവക, മിഷൻ സെന്റർ, സമർപ്പിത സമൂഹം, സംഘടനകൾ, രൂപത മുതലായവ) സ്വാതന്ത്ര്യമുണ്ടാകണം, അവസരമുണ്ടാകണം. സഭയോടൊപ്പം, സഭയ്ക്കുള്ളിൽ നില്ക്കുകയും ചിന്തിക്കുകയും അഭിപ്രായങ്ങൾ പറയുകയും, അവസാന തീരുമാനം ബന്ധപ്പെട്ട സഭാനേതൃത്വത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്ന 'സിനഡൽ' സംവിധാനമാണ് കത്തോലിക്കാ സഭാ നേതൃത്വം വിഭാവനം ചെയ്യുന്ന "സിനഡൽ സഭ". ഇപ്രകാരമുള്ള സഭാപരമായ ചർച്ചകളും നേതൃത്വപരമായ തീരുമാനങ്ങളും നാം ഓരോരുത്തരും നേതൃത്വം കൊടുക്കുന്ന ഇടങ്ങ

ളിൽ (കുടുംബം, കുടുംബക്കൂട്ടായ്മ, ഇടവക, മിഷൻ സെന്റർ, സമർപ്പിത സമൂഹം, സംഘടനകൾ, രൂപത മുതലായവ) ഉണ്ടാകുന്നുണ്ടോ എന്ന് വിലയിരുത്തുന്നത് സഭയുടെ സിനഡൽ ചിന്തയ്ക്കും സ്വഭാവത്തിനും ആക്കം കൂട്ടും, നോമ്പുകാലത്തിലൂടെ ദൈവത്തിലേയ്ക്കും സഭയിലേയ്ക്കും കുറച്ചുകൂടി അടുക്കാൻ സഹായകമാകും. ബന്ധപ്പെട്ട ഇടങ്ങളിൽ സഭാമക്കൾക്കെല്ലാവർക്കും ചിന്തിക്കാനും പഠിക്കാനും ഉചിതമായ തീരുമാനങ്ങളിൽ പങ്കുചേരാനും തീരുമാനമെടുക്കാനും അവസ്ഥയുണ്ടായാൽ അത് സഭയുടെ വളർച്ചയ്ക്കും ക്ഷേമത്തിനും കെട്ടുറപ്പിനും കാരണമാകും.

അങ്ങനെ, ഇപ്രാവശ്യത്തെ നോമ്പുകാലം "സുവിശേഷവല്ക്കരണം -2035" മുന്നിൽക്കണ്ട് ഈശോമിശിഹായിലും അവിടുന്ന് വെളിപ്പെടുത്തിയ പിതാവായ ദൈവത്തിലും പരി. ആത്മാവിലും ആഴത്തിൽ വിശ്വസിക്കാനും ബോദ്ധ്യപ്പെടാനും കാരണമാകണം. സഭാമക്കൾക്ക് സജീവ പങ്കാളിത്തത്തിലൂടെ ദൗത്യത്തിൽ പങ്കുചേരാനും കൂട്ടായ്മയിൽ വളരാനും ഈ നോമ്പുകാലം സഹായമാകണം.

അപ്രകാരം "സിനഡൽ" സഭയിൽ ത്രിത്വൈക ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലും ബോദ്ധ്യത്തിലും മുന്നേറാൻ, ഈ നോമ്പുകാലം നമുക്ക് സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വളരെ അനുഗ്രഹപ്രദമായ നോമ്പുകാലവും ദൈവകാരുണ്യവും സ്നേഹവും സമൃദ്ധമായി അനുഭവവേദ്യമാകുന്ന വി. വാരവും ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം



**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം 11.02.2024 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും സന്യാസ സമൂഹങ്ങളിലും പരിശീലനഭവനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും വി. കുർബാനകൾക്ക് മദ്ധ്യേ വായിക്കണം. ഞായറാഴ്ച വി. കുർബാനയില്ലാത്തിടങ്ങളിൽ മറ്റുസമയങ്ങളിൽ വായിക്കണം. +PA